"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - കാസർഗോഡ് താലൂക്കിൽ പെരുമ്പള വില്ലേജിൽ റീ.സ. 61/2, റീ.സ. 67/2B എന്നിവയിൽ പെട്ടതും ശ്രീ. ടി.എം. അഹമ്മദിന് പതിവ് ഉത്തരവ് നൽകിയതുമായ ആകെ 0.69 ഏക്കർ ഭൂമിയുടെ പതിവ് തുക ഒടുക്കുന്നതിൽ വന്ന കാലതാമസം 1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 9(7) പ്രകാരം, മാപ്പാക്കിയും, ചട്ട പ്രകാരം പതിവ് തുക ഒടുക്കുന്നതിൽ വന്ന കാലതാമസം മാപ്പാക്കാതെ പതിവ് തുക സ്വീകരിച്ച വില്ലേജ് ഓഫീസറുടെ നടപടി സാധൂകരിച്ചു നല്കിയും -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ(എം) വകുപ്പ്**

സ.ഉ.(സാധാ) നം.1427/2024/RD തീയതി,തിരുവനന്തപുരം, 21-06-2024

---

പരാമർശം:-

1. ശ്രീ. അബൂബക്കർ ടി.എം. സമർപ്പിച്ച 20.10.2014, 09.09.2015 തീയതികളിലെ അപേക്ഷകൾ.
2. കാസർഗോഡ് ജില്ലാ കളക്ടറുടെ 23.02.2019, 08.11.2023 തീയതികളിലെ ഡി.സി.കെ.എസ്.ജി.ഡി/72575/2017-സി3 നമ്പർ കത്തുകൾ.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 11/02/2024 ലെ LR/13441/2023-LR(J10) നമ്പർ കത്ത്.

**ഉത്തരവ്**

കാസർഗോഡ് ജില്ലയിൽ കാസർഗോഡ് താലൂക്കിൽ പെരുമ്പള വില്ലേജിൽ യഥാക്രമം RS 61/2, RS 67/2ബി എന്നിവയിൽപ്പെട്ട 0.47 ഏക്കർ, 0.22 ഏക്കർ ഭൂമി ഉൾപ്പെടെ ആകെ 0.69 ഏക്കർ ഭൂമിക്ക് LA42/72/പെരുമ്പള പ്രകാരം ശ്രീ. ടി.എം അഹമ്മദിന്റെ പേരിൽ 21.05.1974ൽ പതിവുത്തരവ് നൽകിയിരുന്നു. എന്നാൽ ടി ഭൂമിയുടെ പതിവ് തുക 3 വർഷം 2 മാസത്തെ കാലതാമസത്തിന് ശേഷം ഒടുക്കുവരുത്തിയതിനെത്തുടർന്ന്, ടി കാലതാമസം മാപ്പാക്കുന്നതിനും, ചട്ടപ്രകാരം കാലതാമസം മാപ്പാക്കാതെ പതിവ് തുക സ്വീകരിച്ച വില്ലേജ് ഓഫീസറുടെ നടപടി സാധൂകരിക്കുന്നതിനും കാസർഗോഡ് ജില്ലാ കളക്ടർ പരാമർശം (2) പ്രകാരം ലാന്റ് റവന്യൂ കമ്മീഷണർ മുഖാന്തിരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ശ്രീ. ടി.എം അഹമ്മദിന്റെ മരണശേഷം അനന്തരാവകാശികളിലൊരാളായ ശ്രീ. അബൂബക്കർ ടി.എം പരാമർശം(1) പ്രകാരം സമർപ്പിച്ച മാപ്പപേക്ഷയിന്മേലാണ് ടി പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടുള്ളത്. പതിവ് കക്ഷിയായ ശ്രീ.ടി.എം.അഹമ്മദിന്റെ പേരിൽ പെരുമ്പള വില്ലേജിൽ റീ.സ. 70/12 പാർട്ട് 1 ൽ 0.0506 ഹെക്ടർ (12.5 സെന്റ്) വസ്തു ഉണ്ടെന്നും, ടി വസ്തുവിൽ നിലവിലെ അപേക്ഷകനായ ശ്രീ അബൂബക്കറിന് 1/10 അവകാശം ഉണ്ടെന്നും അറിയിച്ചിട്ടുണ്ട്. ടി ഭൂമിയല്ലാതെ അപേക്ഷകന്റെയും കുടുംബത്തിന്റെയും പേരിൽ മറ്റു ഭൂമികൾ ഇല്ലെന്നും കാസർഗോഡ് തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വില്ലേജ് ഓഫീസിലെ ക്യാഷ് ബുക്കിന്റെ ശരിപ്പകർപ്പ് ഹാജരാക്കിയതിൽ 25.08.1977ന് ചലാൻ നമ്പർ 5441 പ്രകാരം എൽ.എ കുടിശ്ശിക 57.88 രൂപ അടവാക്കിയതായി കാണുന്നുവെന്നും 1964 ലെ ഭൂമി പതിവ് ചട്ടങ്ങളിലെ, ചട്ടം 9(7) പ്രകാരം സർക്കാർ തലത്തിൽ തുടർനടപടി സ്വീകരിക്കാവുന്നതാണെന്നും

പരാമർശം(3) പ്രകാരം ലാന്റ് റവന്യൂ കമ്മീഷണർ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

2) 1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 9(7) പ്രകാരം 3 വർഷം വരെയുള്ള കാലതാമസം ജില്ലാ കളക്ടർക്കും 5 വർഷം വരെയുള്ള കാലതാമസം ലാന്റ് റവന്യൂ കമ്മീഷണർക്കും (Board of Revenue) മാപ്പാക്കി നൽകാവുന്നതും, മൂന്ന് വർഷം വരെ കാലതാമസം ഉണ്ടാകുന്ന കേസുകളിൽ പതിവ് ഉത്തരവ് പ്രകാരമുള്ള മുഴുവൻ കുടിശ്ശികയും ഭൂമി വിലയുടെ 8% ഉം, അഞ്ച് വർഷം വരെ കാലതാമസം ഉണ്ടാകുന്ന കേസുകളിൽ മുഴുവൻ കുടിശ്ശികയും ഭൂമി വിലയുടെ 10% വും ഈടാക്കേണ്ടതുമാണ്. ഈ കേസിൽ അപേക്ഷകന് പതിവ് ഉത്തരവ് കൈമാറി 3 വർഷം 2 മാസം കാലതാമസം എടുത്താണ് പതിവ് തുക ഒടുക്ക് വരുത്തിയിട്ടുള്ളത്. എന്നാൽ ചട്ടപ്രകാരം പതിവ് തുക ഒടുക്കുന്നതിൽ വന്ന കാലതാമസം ലാന്റ് റവന്യൂ കമ്മീഷണർ മാപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ച ശേഷമായിരുന്നു പതിവ് തുക സ്വീകരിക്കേണ്ടിയിരുന്നത്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസർഗോഡ് ജില്ലയിൽ കാസർഗോഡ് താലൂക്കിൽ പെരുമ്പള വില്ലേജിൽ RS 61/2, RS 67/2ബി എന്നിവയിൽ പെട്ടതും ശ്രീ. ടി.എം. അഹമ്മദിന്റെ പേരിൽ പതിവ് ഉത്തരവ് നൽകിയതുമായ ആകെ 0.69 ഏക്കർ (0.47+ 0.22) ഭൂമിയുടെ പതിവ് തുക ഒടുക്കുന്നതിൽ വന്ന കാലതാമസം പതിവ് തുകയായ 57.88 രൂപ അടച്ചിട്ടുള്ള സാഹചര്യത്തിൽ കാലതാമസം മാപ്പാക്കി നൽകുന്ന ഉത്തരവ് തീയതി മുതൽ 15 ദിവസത്തിനുള്ളിൽ മുഴുവൻ കുടിശ്ശികയും ഭൂമി വിലയുടെ 10%-വും ഒറ്റത്തവണയായി അടയ്ക്കേണ്ടതാണെന്ന വ്യവസ്ഥയിൽ മാപ്പാക്കി നൽകിയും, 3 വർഷം 2 മാസം കാലതാമസമെടുത്ത് ഒടുക്ക് വരുത്തിയ പതിവ് തുക ചട്ട പ്രകാരം പതിവ് തുക ഒടുക്കുന്നതിൽ വന്ന കാലതാമസം മാപ്പാക്കാതെ സ്വീകരിച്ച വില്ലേജ് ഓഫീസറുടെ നടപടി സാധൂകരിച്ചും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) ഇക്കാര്യത്തിലുള്ള നിയമാനുസൃത തുടർ നടപടികൾ കാസർഗോഡ് ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗോപകുമാർ.ആർ.എൽ
അഡിഷണൽ സെക്രട്ടറി

ശ്രീ.അബൂബക്കർ ടി.എം., S/o (late ) ടി.എം.അഹമ്മദ്, തൈവളപ്പ്, (പി.ഒ) പെരുമ്പള വില്ലേജ്, കാസർഗോഡ്
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കാസർഗോഡ് (പട്ടയ ഫയൽ നം.LA.42/72/പെരുമ്പള സഹിതം)
തഹസിൽദാർ, കാസർഗോഡ് താലൂക്ക്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Kumari Sindhu S
Date: 21-06-2024 14:42:13
സെക്ഷൻ ഓഫീസർ

പകർപ്പ് :ബഹു റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്
അഡിഷണൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്

അണ്ടർ സെക്രട്ടറിക്ക്